**April: 26**

## KGBEU OU ബുള്ളറ്റിൻ 17/2022

സഖാക്കളെ,

### വിഷയം : OAST ട്രാൻസ്ഫർ

നമ്മുടെ ബാങ്കിലെ OAST ട്രാൻസ്ഫർ ഇറങ്ങിയിരിക്കുകയാണ്. അബദ്ധത്തിന്റെ അങ്ങേത്തലയായാണ് ഇറങ്ങിയ ട്രാൻസ്ഫർ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. റിക്വസ്റ്റ് ചോദിച്ച പലർക്കും ട്രാൻസ്ഫർ കിട്ടിയിരിക്കുന്നത് വിദൂരത യിലുള്ള ശാഖകളിൽ ആണ്. ദൂരെ സ്ഥലങ്ങളിൽ വാടകയ്ക്ക് താമസിച്ചു ജോലി ചെയ്യുന്നവർ അതിനേക്കാൾ ദൂരത്തേക്ക് ആണ് നിലവിൽ ട്രാൻസ്ഫർ ചെയ്യപ്പെട്ടിരിക്കുന്നത്. കോഴിമുട്ട വിരിയാൻ അടയിരിക്കുന്നത് പോലെ ട്രാൻസ്ഫർ പ്രക്രിയക്ക് മുകളിൽ അടയിരുന്നത് ഇത്രയും വലിയ വിഡ്ഢിത്തം കാട്ടാൻ ആയിരിക്കുമെന്ന് ജീവനക്കാർ ആരുംതന്നെ സ്വപ്നം പോലും കണ്ടു കാണില്ല. തന്റെ പണി തനിക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഇരിക്കുന്ന സ്ഥാനത്ത് നിന്നും ഇറങ്ങിപ്പോകുക എന്നതാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നവരോട് മാന്യമായ ഭാഷയിൽ പറയാനുള്ളത്. ഇത് ജീവനക്കാർക്ക് നേരെയുള്ള വെല്ലുവിളിയാണ്. ഉത്തരവാദിത്തബോധമുള്ള ഒരു സംഘടന എന്ന നിലയിൽ മാനേജ്മെന്റ് കാണിക്കുന്ന ഈ തോന്ന്യാസം അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ OAST ട്രാൻസ്ഫർ തയ്യാറാക്കിയ ഈ രീതിയെ ശക്തമായ ഭാഷയിൽ അപലപിക്കുന്നു. ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം തെറ്റായ നിലപാട് തിരുത്തുന്നതിനാവശ്യമായ പ്രതിഷേധവും പ്രക്ഷോഭവും നടത്താൻ മുഴുവൻ സഖാക്കളും തയ്യാറായിരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സംഘടനാ തീരുമാനങ്ങൾ വഴിയേ അറിയിക്കുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ